# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4199 13.12.2018-ൽ മറുപടിയ്ക്ക്

## പ്രവാസി ചിട്ടി

| ചോദ്യം<br>ശ്രീ.വി. ജോയി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ ആരംഭിച്ച പ്രവാസി ചിട്ടിയിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 17182 |
| (ബി) | കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ? | (ബി) | നിരവധി പ്രത്യേകതകൾ കോർത്തിണക്കിയ പദ്ധതിയാണ് കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി പദ്ധതി. ഒന്നാമതായി, പ്രവാസി മലയാളികൾക്ക് പ്രവാസ രാജ്യത്ത് വസിച്ചുകൊണ്ടു തന്നെ, കേരളത്തിന്റെ തനതു സമ്പാദ്യമാർഗ്ഗമായ ചിട്ടിയിൽ ചേരാൻ ചരിത്രത്തിലാദ്യമായി ഈ പദ്ധതി അവസരമൊരുക്കുന്നു. രണ്ടാമതായി ,പ്രവാസിയുടെ സമ്പാദ്യം അവർക്ക് യാതൊരു അധിക ബാധ്യതയുമില്ലാതെ സംസ്ഥാനത്തിന്റെ അടിസ്ഥാന വികസനത്തിന് ഉപയോഗിക്കാൻ കഴിയുന്നു. അങ്ങനെ പ്രവാസിയ്ക്ക് നേട്ടം ഉണ്ടാക്കിക്കൊടുത്തുകൊണ്ട് സംസ്ഥാനവികസനം നടപ്പിലാക്കാൻ കഴിയുന്ന സവിശേഷ പദ്ധതിയാണ് കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി പദ്ധതി. കെ.എസ്.എഫ്.ഇ യും കിഫ്ബിയും തമ്മിൽ കൈകോർക്കുന്നതു വഴിയാണ് ഇത് സാധ്യമാകുന്നത്.<br><br>പ്രവാസികൾക്ക് നാട്ടിൽ ഒരു സുരക്ഷിത ജീവിതം പ്രദാനം ചെയ്യുന്ന തരത്തിൽ സാമ്പത്തികസുരക്ഷിതത്വം ഉണ്ടാക്കാനായി കെ.എസ്.എഫ്.ഇ ചിട്ടികളുടെ സേവനം അവർക്ക് ലഭ്യമാക്കുക. ഓൺ ലൈൻ ആയി ഈ ചിട്ടികൾ ലഭ്യമാക്കുന്നതു വഴി പ്രവാസരാജ്യത്ത് വസിച്ചുകൊണ്ടു തന്നെ ചിട്ടിയിൽ ചേരാനും മാസത്തവണകൾ അടയ്ക്കാനും ലേലത്തിൽ പങ്കെടുക്കാനും അവർക്ക് കഴിയും<br><br>പ്രവാസികളുടെ സമ്പാദ്യം സുരക്ഷിതമാക്കുന്നതിനൊപ്പം അത് സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാൻ ഉപയുക്തമാക്കുക . കിഫ്ബിയും കെ.എസ്.എഫ്.ഇ യും തമ്മിലുള്ള കൊടുക്കൽ വാങ്ങൽ സംവിധാനത്തിലൂടെ ഇത് സാധ്യമാകുന്നു . |

| | | | |
|---|---|---|---|
| | | | ഈ ചിട്ടിയുടെ വിശ്വാസ്യതയും സുതാര്യതയും ഉറപ്പു വരുത്താനുള്ള എല്ലാ മുൻ കരുതലും സോഫ്റ്റ് വെയർ സംവിധാനത്തിൽ സ്വീകരിച്ചിട്ടുണ്ട്. ആഴ്ചയിൽ 7 ദിവസവും, ദിവസത്തിൽ 24 മണിക്കൂറും എന്ന കണക്കിൽ തുടർച്ചയായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കസ്റ്റമർ കെയർ ഉപഭോക്താവിന്റെ ഏത് ആവശ്യവും അടിയന്തര സ്വഭാവത്തിൽ കൈകാര്യം ചെയ്യുന്നു. ചിട്ടി ആകർഷകമാ: ക്കാൻ നിരവധി പദ്ധതികളും ആനുകൂല്യങ്ങളും ഇതോടു കൂടി വിളക്കി ചേർത്തിട്ടുണ്ട്. ഇൻഷുറൻസ്, അപകട ഇൻഷുറൻസ്, ആവശ്യമുള്ളവർക്ക് പെൻഷൻ സംവിധാനം എന്നിവയാണ് ഈ ചിട്ടിയോട് കൂട്ടിയിണക്കിയിട്ടുള്ള പ്രധാന ആനുകൂല്യങ്ങൾ. ഇതു പ്രകാരം, ഇടപാടുകാരൻ, ദൗർഭാഗ്യവശാൽ മരിക്കുകയോ തൊഴിൽ എടുക്കാൻ സാധിക്കാൻ കഴിയാത്ത വിധം അപകടത്തിൽ പെടുകയോ ചെയ്താൽ 10 ലക്ഷം രൂപ വരെയുള്ള ബാധ്യതയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതായിരിക്കും. വിദേശത്തു വെച്ച് ഇടപാടുകാരൻ മരിക്കുകയാണെങ്കിൽ ഭൗതിക ശരീരം നാട്ടിലെത്തിക്കാനുള്ള വിമാനചെലവ്, (അനുയാത്രചെയ്യുന്ന വ്യക്തിയുടെ ഉൾപ്പെടെ) കെ.എസ്.എഫ്.ഇ വഹിക്കുന്നതാണ്. ഇങ്ങനെ പ്രവാസി മലയാളിയുടെ ഉത്കണ്ഠകളേയും ആശങ്കകളേയും പരിഹരിയ്ക്കുന്ന രീതിയിലാണ് ഈ ചിട്ടി രൂപകല്പന ചെയ്തിട്ടുള്ളത് . |

**സെക്ഷൻ ഓഫീസർ**